



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/04/2026

1. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ മനുരത്ന, മനുവർണ്ണ നെൽവിത്തുകൾ. മാവിന്റെ 21 ഇനങ്ങളുടെ തൈകൾ, അഞ്ചിനം പ്ലാവിന്റെ തൈകൾ. മോഹിത് നഗർ ഇനം കവുങ്ങ്, കേരശ്രീ തെങ്ങിൻതൈ, പേരയ്ക്ക ഇനങ്ങൾ. നാലിനം ചാമ്പ ലെയർ, നാരകം സപ്പോട്ട ഗ്രാഫ്റ്റ്, കുരുമുളക് ലെയർ തൈകൾ, റമ്പൂട്ടാൻ ബഡ്, വേപ്പ്, കറിവേപ്പില, സീതപ്പഴം, നിലക്കടല എന്നിവയുടെ തൈകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാല പടന്നക്കാട് കാർഷിക കോളേജിൽ മലബാറിൻ മാമ്പഴമേള മലബാർ മാംഗോ ഫെസ്റ്റ് 2026 ഏപ്രിൽ 30 മെയ് 1, 2, 3 തീയതികളിലായി നടത്തുന്നു. ഇതോടനുബന്ധിച്ച കിസാൻ മേള, ഫലവൃക്ഷ തൈകളുടെ വില്പന, മാമ്പഴ വിൽപ്പന, ഫുഡ് ഫെസ്റ്റ് എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

3. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ഒരു ദിവസം പ്രായമായ നല്ലയിനം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. പൊതു ജനങ്ങൾക്കും, അംഗീകൃത എഗ്ഗർ നഴ്സറികൾക്കും മുൻകൂർ ബുക്കിംഗ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അടിസ്ഥാനത്തിൽ ലഭ്യത അനുസരിച്ച് എല്ലാ ചൊവ്വാഴ്ചകളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ ഫാമിലെ കൗണ്ടറിൽ വില്പപ്പെടുന്നതാണ്. ബുക്ക് ചെയ്യുന്നതിനായി 0481-2373710 എന്ന ഫോൺ നമ്പർ വഴിയോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്. പിടക്കോഴിക്കുഞ്ഞുങ്ങൾ 25 രൂപ നിരക്കിലും പൂവൻകുഞ്ഞുങ്ങൾ 5 രൂപ നിരക്കിലും വിൽക്കപ്പെടുന്നു.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 മെയ് 14** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. മെയ് 24 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **മെയ്** 14 മുതൽ യൂസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 0487-2438566.

5. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ച വളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത യോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ് ട്രെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

6. ഇഞ്ചി, മഞ്ഞൾ – വിത്തിനായി സൂക്ഷിച്ചു വച്ചിരിക്കുന്ന ഇഞ്ചി, മഞ്ഞൾ എന്നിവയിൽ കേടുള്ളവ തിരിഞ്ഞു മാറ്റണം. ഏപ്രിൽ മാസം അവസാനം, മെയ് മാസം ആരംഭത്തോടെ (കാർത്തിക ഞാറ്റുവേലയുടെ ഒന്നാം പാദം) ഇഞ്ചി നടാം. നടുന്നതിന് മുൻപ് ഇഞ്ചി വിത്ത് വഴി രോഗമോ കീടമോ പകരാതിരിക്കാൻ ഒരു ലിറ്റർ വെള്ള ത്തിൽ രണ്ട് മില്ലി ക്വിനാൽഫോസ്, 3ഗ്രാം മാങ്കോസബ് എന്നീ മരുന്നുകൾ ലയിപ്പിച്ചു അതിൽ വിത്തുകൾ അരമണിക്കൂർ മുക്കിയിടണം. അതിന് ശേഷം നിരത്തിയിട്ട് കാറ്റ് കൊണ്ട് ഉണങ്ങിയ ശേഷം നടാനായി ഉപയോഗിക്കാം.

7. പുഴുവില്ലാത്ത മാമ്പഴത്തിനായി ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടിചേർത്ത് ലിറ്ററിന് 1 ഗ്രാം വീതം കറിയുപ്പും ചേർത്തശേഷം മാമ്പഴമിട്ട് 15 മിനിട്ടു നേരം വെക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം ഭക്ഷിക്കാം.